**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Chithra S IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിൽ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. ബ്രിജ് മോഹൻ.കെ -യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു

**ഉത്തരവ് നമ്പർ . LSGD/PD/6667/2025-GEA3 തീയതി:13-05-2025**

പരാമർശം:

1) പ്രിൻസിപ്പൽ ഡയറക്ടറുടെ 19.09.2024 തീയതിയിലെ LSGD/PD/23852/2024-DEC2 നമ്പർ ഉത്തരവ്.
2) സ.ഉ (സാധാ) നം. 454/2023 തസ്വഭവ, തീയതി 22.02.2023
3) പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 തീയതിയിലെ ഇ8.12264/17 നമ്പർ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 തീയതിയിലെ ഇ5- 38675/2017 നമ്പർ ഉത്തരവ്.
5) ഈ ആഫീസിലെ 10.04.2025 ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകപ്പിൽ കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ കോഴിക്കോട് കോർപ്പറേഷനിൽ ഹെഡ് ക്ലർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറുമായ ശ്രീ.ബ്രിജ് മോഹൻ.കെ -യ്ക്ക് പരാമർശം(2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് 23.01.2004 പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ 01.01.1990 മുതൽ 10.12.2008 വരെ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവർ ഉൾപ്പെട്ട പരാമർശം(3) അന്തിമ സീനിയോരിറ്റി പട്ടികയിലാണ് ഉൾപ്പെടുത്തേണ്ടത്. ആയത് പ്രകാരം ശ്രീ. ബ്രിജ് മോഹനെ പരാമർശം (3) അന്തിമ സീനിയോരിറ്റി പട്ടികയിൽ 23.01.2004 തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ചവരോടൊപ്പം ടിയാളുടെ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി ക്രമമായ നം. 338/97-99 ന് അനുസൃതമായി ക്രമ നം. 4311 എം.എസ്. ശ്രീലത, ക്രമ നം. 4312.പി.സുലൈമാൻ എന്നിവർക്കിടയിൽ ക്രമ നം.4311 A ആയി താത്കാലികമായി ഉൾപ്പെടുത്തിയും, 09.07.2012 തീയതിയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബ്രിജ് മോഹൻ ഉൾപ്പെട്ടിരുന്ന 2009-2016 കാലയളവിലെ സീനിയർ ക്ലർക്കുമാരുടെ പരാമർശം (4) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിലെ ക്രമ നം. 862 ൽ നിന്നും ടിയാളുടെ പേര് ഒഴിവാക്കി ക്രമ നം. 862 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം(5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനം സംബന്ധിച്ച് മറ്റ് ആക്ഷേപങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ. ബ്രിജ് മോഹനെ പരാമർശം (3) അന്തിമ സീനിയോരിറ്റി പട്ടികയിൽ ക്രമനം.4311 Aഎന്ന് ഉൾപ്പെടുത്തിയും പരാമർശം (4) സീനിയോറിറ്റി പട്ടികയിൽ ശ്രീ. ബ്രിജ് മോഹൻ ഉൾപ്പെട്ട ക്രമ നം.862 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം (3), (4) സീനിയോറിറ്റി പട്ടികകൾ പുന:ക്രമീകരിച്ചും ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ DEB, DEC -സെക്ഷനുകൾക്ക്
3. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ശ്രീ. ബ്രിജ് മോഹൻ (ജില്ലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുഖാന്തിരം)
5. കരുതൽ /അധികം.